Malayala Manorama 5/11/2019

# തീക്കവിത തെറിപ്പിച്ച് തെൻസിൻ സുൻത്യു

■ ബറ്റൻ വിമോചനപ്പോരാളിയും കവിയുമായ തെൻസിൻ സുൻത്യു ആലുവയിൽ വിദ്യാർഥികളുമായി സംവദിച്ചു

ആലുവ● ദിവസത്തിൽ ഒരു നേരം മാത്രം ഭക്ഷണം. അതിനു പണം കണ്ടെത്തുന്നതു സ്വന്തം പുസ്തകങ്ങൾ വിറ്റ്. ആകെ സമ്പാദ്യം ഏതാനും ടീഷർട്ടുകളും ജീൻസും. ഇതു ടിബറ്റൻ വിമോചന പ്പോരാളിയും കവിയുമായ തെൻസിൻ സുൻത്യു. ടിബറ്റൻ സ്വാതന്ത്ര്യ മോഹങ്ങളുടെ ആൾരൂപം. 'ചോര പുതച്ച മഞ്ഞ്' എന്നു വിശേഷിപ്പിക്കപ്പെടുന്ന തന്റെ രചനകളുമായി ക്ഷുഭിത യൗവനങ്ങളെ തേടി ഈ നാൽപ്പത്തിനാലുകാരൻ യുസി കോളജിലും എടത്തല അൽ അമീൻ കോളജിലുമെത്തി.



ടിബറ്റൻ കവി തെൻസിൻ സുൻത്യു

9 രൂപ അച്ചടിച്ചെലവുള്ള 'കോറ' എന്ന തന്റെ പുസ്തകം 50 രൂപയ്ക്കു വാങ്ങാൻ തയാറാകുന്നവർ സ്വന്തം രാജ്യത്തേക്കുള്ള മടക്കം സ്വപ്നം കാണുന്ന ടിബറ്റൻ ജനതയെ സഹായിക്കുക കൂടിയാണെന്നു കവി പ്രഖ്യാപിക്കുമ്പോൾ ആരും വാങ്ങിച്ചുപോകും ഒരു കോപ്പി. കവി എന്നതിനേക്കാൾ ആക്ടിവിസ്റ്റായി അറിയപ്പെടാനാണ് ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തി. യുസി കോളജിൽ ഇംഗ്ലിഷ് വിഭാഗം സംഘടിപ്പിച്ച ശതാബ്ദി സ്മാരക പ്രഭാഷണം നിർവഹിച്ച തെൻസിൻ പ്രസംഗത്തിനിടെ സ്വന്തം കവിതകൾ അഭിനയിച്ച് അവതരിപ്പിച്ചു. പിറന്ന നാടിന്റെ വേദനകൾ സദസ്സിനു പകർന്നു നൽകിയതു ചോര പൊടിയുന്ന നർമത്തിന്റെ അകമ്പടിയോടെ.

ടിബറ്റിന്റെ മണ്ണിൽ തങ്ങളെ കാലുകുത്താൻ അനുവദിക്കാത്ത ചൈനയുടെ ക്രൂരതകൾ തുറന്നുകാട്ടാനാണ് ഏറെ സമയവും വിനിയോഗിച്ചത്. ഇംഗ്ലിഷ് വിഭാഗം അധ്യാപിക ഫെനീനയുടെ 'മൺസൂൺ ഫ്ലാഷസ്' എന്ന കവിതാ സമാഹാരം പ്രഫ. സുമ മേരി സ്കറിയയ്ക്കു കോപ്പി നൽകി പ്രകാശനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഡേവിഡ് സാജ് മാത്യു അധ്യക്ഷത വഹിച്ചു. പ്രഫ. കെ. ഷെറി ജേക്കബ് പ്രസംഗിച്ചു.

അൽഅമീൻ കോളജിൽ വിദ്യാർഥികളുമായി സംവദിച്ചു. പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ അധ്യക്ഷത വഹിച്ചു. 1959ൽ ചൈനീസ് അധിനിവേശത്തെ തുടർന്നു ടിബറ്റിൽ നിന്നു രക്ഷപ്പെട്ടവരാണ് തെൻസിൻ സുൻത്യുവിന്റെ മാതാപിതാക്കൾ. ഹിമാലയത്തിലെ ധൗലധറിലാണ് അദ്ദേഹം ജനിച്ചത്. ഇപ്പോൾ ഫ്രണ്ട്സ് ഓഫ് ടിബറ്റ് എന്ന സംഘടനയുടെ സെക്രട്ടറി ജനറൽ. ഇംഗ്ലിഷിൽ ബിരുദാനന്തര ബിരുദമുള്ള തെൻസിന്റെ വിദ്യാർഥി ജീവിതം മുംബൈയിലും ചെന്നൈയിലുമായിരുന്നു.

സഹപാഠികൾ പിരിവിട്ടു പ്രസിദ്ധീകരിച്ച 'ക്രോസിങ് ദ് ബോർഡറാ'ണ് ആദ്യ കൃതി. 2001ൽ ഔട്ട്‌ലുക്ക് പിക്കാഡോർ പുരസ്കാരം നേടി.

ചെന്നൈയിലെ പഠനം കഴിഞ്ഞു ലഡാക്ക് വഴി ടിബറ്റിലേക്കു നുഴഞ്ഞു കയറിയെങ്കിലും സൈന്യം പിടികൂടി തിരിച്ചയച്ചു. ചൈനീസ് പ്രധാനമന്ത്രി മുംബൈ സന്ദർശിച്ചപ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ മറികടന്നു 14 നില കെട്ടിടത്തിനു മുകളിൽ കയറി ടിബറ്റിനെ സ്വതന്ത്രമാക്കുക എന്ന ബാനർ ഉയർത്തി ലോകശ്രദ്ധ നേടി. ബെംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ചൈനീസ് പ്രധാനമന്ത്രി എത്തിയപ്പോഴും അതിക്രമിച്ചുകയറി ടിബറ്റൻ പതാക ഉയർത്തി.

Scanned by CamScanner